മേൽനോട്ടത്തിൽ പ്രവേശന പരീക്ഷ നടത്തി. 19-2-1983-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ജി. ഒ. (എം.എസ്.) 31/83 നമ്പർ ഉത്തരവ് പ്രകാരം പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷ നടത്തുവാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും ഇതിനായി പ്രവേശന പരീക്ഷാ കമ്മീഷണറെ നിയമിക്കുകയും ചെയ്തു. 1983 മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ മേൽനോട്ടത്തിൽ ഈ പരീക്ഷ നടത്തിവരുന്നു.

എഞ്ചിനീയറിംഗ് എൻട്രൻസ്--നിശ്ചിതമാർക്ക് ലഭിക്കാത്തവരെ ഡിസ്ക്വാളിഫൈ ചെയ്യുന്നതും ഒഴിവാക്കുന്നതുമായ നടപടി

161 [781] ശ്രീ. കെ. എ. ചന്ദ്രൻ:

„ ഇ. എം. അഗസ്തി:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. കെ. സി. വേണുഗോപാൽ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ ഒരു നിശ്ചിത മാർക്ക് ലഭിക്കാത്തവരെ ഡിസ്ക്വാളിഫൈ ചെയ്യാറുണ്ടോ;

(ബി) ഇപ്രകാരം ഡിസ്ക്വാളിഫൈ ചെയ്യുമെന്ന് പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിരുന്നുവോ;

(സി) പ്രോസ്പെക്ടസിൽ പറയാതെ ഇപ്രകാരം ചെയ്യുന്നത് എന്തുകൊണ്ടാണ്;

(ഡി) ഏതു വർഷം മുതലാണ് ഇപ്രകാരം പരീക്ഷാർത്ഥികളെ ഡിസ്ക്വാളിഫൈ ചെയ്യാൻ തുടങ്ങിയത്;

(ഇ) കഴിഞ്ഞ വർഷം ഡിസ്ക്വാളിഫൈ ചെയ്തവരെ അതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ വർഷവും അപ്രകാരം ചെയ്യുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യക്തമാക്കിയിരുന്നു.

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2001-ലെ പ്രവേശന പരീക്ഷ മുതൽ.

(ഇ) ഇല്ല.

(എഫ്) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ സ്കൂളിൽ കംപ്യൂട്ടർ പഠനത്തിന് പദ്ധതികൾ

162[782] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ സ്കൂളുകളിൽ കംപ്യൂട്ടർ പഠനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കംപ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഐ. റ്റി. അറ്റ് സ്കൂൾ പ്രോജക്റ്റ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഗവൺമെന്റ്, എയിഡഡ് സ്കൂളുകളിൽ എട്ട്, ഒൻപത്, പത്ത് എന്നീ ക്ളാസ്സുകളിൽ കംപ്യൂട്ടർ പഠനം നിർബന്ധവിഷയമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ തീയേറ്ററുകളിലെ സിനിമാ പ്രദർശന സമയം

163[783] ശ്രീ. യു. സി. രാമൻ:

,, കെ. കുട്ടി അഹമ്മദ്കുട്ടി:

,, വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിനിമാ പ്രദർശന സമയത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സിനിമാ തീയേറ്ററുകളിൽ നൂൺഷോ പ്രദർശിപ്പിക്കുന്നതിന് ലേബർ വകുപ്പിന്റെ പ്രത്യേകാനുമതി വേണമെന്ന് വ്യവസ്ഥ നിലവിലുണ്ടോ;

(സി) ഈ വ്യവസ്ഥകൊണ്ട് എന്താണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത വ്യവസ്ഥ പിൻവലിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പിൻവലിക്കുന്നത് സംബന്ധിച്ച് സർക്കാർ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly